പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1541 **01-07-2026-ൽ മറുപടിയ്ക്ക്**

പകർച്ച വ്യാധികളെ സംബന്ധിച്ച പഠനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. നജീബ് കാന്തപുരം	ശ്രീ. കെ. മുരളീധരൻ
ശ്രീമതി ഫാത്തിമ തഹിലിയ	(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)
ശ്രീ. എം. റഹ്മത്തുള്ള	
ശ്രീ. കല്ലട മാഹിൻ	

(എ) സംസ്ഥാനത്ത് പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതു സംബന്ധിച്ച് പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

മറുപടി: കേരളത്തിൽ മഴക്കാലത്തും വേനൽക്കാലത്തും ആവർത്തിച്ചുവരുന്ന പകർച്ചവ്യാധികളെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കാനും കൃത്യമായ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനുമായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉന്നത ഉദ്യോഗസ്ഥരെയും സർക്കാർ-സ്വകാര്യ മേഖലകളിലെ പ്രഗത്ഭരായ ഡോക്ടർമാരെയും ഉൾപ്പെടുത്തിക്കൊണ്ട്, 19.06.2026 തീയതിയിലെ G.O (Rt) No.2054/2026/H&FWD പ്രകാരം ഉന്നതാധികാര സമിതി ഉൾപ്പെടെ വിവിധ തലങ്ങളിലുള്ള സമിതികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനതല വിദഗ്ധോപദേശ സമിതി, ജില്ലാ തല സ്റ്റിയറിംഗ് കമ്മിറ്റി, സ്ഥാപനതല സ്റ്റിയറിംഗ് കമ്മിറ്റി എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

(ബി) ഇതിനായി പ്രത്യേക സമിതി രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ ഘടന എപ്രകാരമാണെന്ന് അറിയിക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) സമിതിയുടെ റിപ്പോർട്ട് എന്നത്തേയ്ക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ?

മറുപടി: സമിതി സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ